"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല- വേളം ഗ്രാമപഞ്ചായത്ത് അനധികൃത ഭൂവികസനം- മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ഷാനവാസ് ഇ, ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പ്**

**G.O.(Rt)No.1954/2026/LSGD** തീയതി,തിരുവനന്തപുരം, 16-10-2026

---

പരാമർശം:-

1. കോഴിക്കോട് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ 14/06/2024 തീയതിയിലെ സംയുക്ത അന്വേഷണ റിപ്പോർട്ട്.
2. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 08.07.2024-ലെ LSGD/PD/24184/2024-VIGD4 നമ്പർ കത്ത്.
3. സർക്കാരിന്റെ 19/08/2025 തീയതിയിലെ ഇപിബി3/118/2024/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
4. ശ്രീ. ഷാനവാസ് ഇ. 23/09/2025 തീയതിയിൽ സമർപ്പിച്ച എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/03/2026 തീയതിയിലെ LSGD PD/24184/2024-VIGD4 നമ്പർ കത്ത്.
6. 05.05.2026 ലെ സ.ഉ(സാധാ)നം.956/2026/തസ്വഭവ നമ്പർ ഉത്തരവ്.
7. 14.07.2026 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2026 ലെ LSGD/PD/24184/2024-VIGD4 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ ലാന്റ് ഡെവലപ്മെന്റ് പെർമിറ്റിന്റെ മറവിൽ അനധികൃതമായി പാറയും, മലകളും ഇടിച്ചു മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് നടത്തിയ വിശദമായ

അന്വേഷണത്തിൽ, ശ്രീ നിസാർ, ശ്രീമതി നഫീസ, താഴെ നെല്ലാരത്ത് വീട്, ആയഞ്ചേരി പി.ഒ. എന്നവർക്ക് വടകര താലൂക്ക് വേളം വില്ലേജിലെ റീസർവ്വേ നമ്പർ **36/9, 36/10** എന്നീ ഭൂമിയിൽ **398** ആർ വിസ്തൃതിയിൽ ലാന്റ് ഡവലപ്മെന്റ് നടത്തുന്നതിനായി **03/09/2021** ന് **A3/6524/2019** ആയി വേളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ഭൂവികസന പെർമിറ്റിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

1. **State Environment Impact Assessment Authority** യുടെ **30/07/2021** തീയതിയിലെ **1735/EC4/2019/SEIAA** അനുമതി പ്രകാരം വേളം വില്ലേജിലെ റി.സ.36/10 ൽ പ്പെട്ട ഭൂമിയിലെ **0.0876 Ha** സ്ഥലത്തും, **30/07/2021** തീയതിയിലെ **624/EC4/2019/SEIAA** നമ്പർ ഉത്തരവ് പ്രകാരം വേളം വില്ലേജിലെ റീസർവ്വേ നമ്പർ **36/9** ൽ പ്പെട്ട ഭൂമിയിലെ **0.7928 Ha** ഭൂമിയിലും ഉൾപ്പെടെ മൊത്തം **0.8804 Ha.** **(88.04** ആർ) ഭൂമിയിൽ ഭൂവികസനം നടത്തുന്നതിന് മാത്രമാണ് കർശന ഉപാധികളോടെ അനുമതി ലഭിച്ചത് എന്നിരിക്കെ ആയത് പരിഗണിക്കാതെ ഉടമസ്ഥരുടെ കൈവശമുള്ള മുഴുവൻ ഭൂമിക്കും **(398** ആർ) ഭൂവികസന പെർമിറ്റ് അനുവദിച്ചതാണ് വ്യാപകമായ കുന്നിടിക്കലിനും, മണ്ണ് നീക്കം ചെയ്യുന്നതിനും കാരണമായത്.

2. കോഴിക്കോട് ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസിലെ **16/02/2022** തീയതിയിലെ **DOZ/M.2627/19** നമ്പർ അനുമതി പ്രകാരം റീ.സ **36/10** ൽ പെട്ട **0.1064** ഹെക്ടർ സ്ഥലത്തു നിന്നും, അതേ ഓഫീസിലെ **13/10/2021** തീയതിയിലെ **DOZ/M.2656/19** നമ്പർ അനുമതി പ്രകാരം റി.സർവ്വേ **36/10** ൽ പ്പെട്ട **0.0876** ഹെക്ടർ സ്ഥലത്തു നിന്നും, അതേ ഓഫീസിലെ **11/4/2022** തീയതിയിലെ **10/2022-23/DE/DOZ/M.2657/2019** നമ്പർ ഉത്തരവ് പ്രകാരം റി.സർവ്വെ **36/9** ൽ പ്പെട്ട **0.7928** ഹെക്ടർ സ്ഥലത്തു നിന്നും (മൊത്തം **98.68** ആർ) ഭൂവികസനം നടത്തുന്നതിന് മാത്രമാണ് ജിയോളജി വകുപ്പ് കർശനഉപാധികളോടെ അനുമതി നൽകിയതെന്ന വസ്തുത കണക്കിലെടുക്കാതെയാണ് സെക്രട്ടറി അപേക്ഷകരുടെ കൈവശമുള്ള മുഴുവൻ സ്ഥലത്തിനും ഭൂമി വികസനത്തിന് അനുമതി നൽകിയത്.

3. **State Environment Impact Assessment Authority**-യുടെയും ജിയോളജി വകുപ്പിന്റെയും അനുമതിപത്രങ്ങളിൽ അനുവാദം ലഭിച്ചതിനേക്കാൾ കൂടുതൽ സ്ഥലത്ത് ഭൂമി വികസനത്തിന് അനുമതി നൽകിയെന്നു മാത്രമല്ല മേൽ രണ്ട് വകുപ്പുകളുടെയും അനുമതിപത്രങ്ങളിൽ പരാമർശിച്ച കർശന നിബന്ധനകളിൽ ഒന്നുപോലും രേഖപ്പെടുത്താതെയാണ് സെക്രട്ടറി ഭൂവികസന പെർമിറ്റ് അനുവദിച്ചത്.

4. ജിയോളജി വകുപ്പിന്റെ അനുവാദം ലഭിച്ചത് **13/10/2021, 16/02/2022** എന്നീ തീയതികളിലാണ്. എന്നാൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചിരിക്കുന്നത് **03/09/2021**

തീയതിയിലാണ്.

5. ഫയൽ പരിശോധിച്ചതിൽ സെക്രട്ടറി അനുവദിച്ച ഭൂവികസന പെർമിറ്റിന്റെ കുടെ ലഭ്യമാക്കിയ പ്ലാനുകളിലോ, ഡ്രോയിംഗുകളിലോ ഒന്നും തന്നെ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ, സാങ്കേതിക വിഭാഗം ജീവനക്കാരോ പരിശോധിച്ചതായോ ഒപ്പുവെച്ചതായോ കാണുന്നില്ല. സെക്രട്ടറിയുടെ ഒപ്പ് മാത്രമാണുള്ളത്.

<u>2.മേൽ ഭൂവികസന പെർമിറ്റ് പ്രകാരം നടത്തിയ പ്രവർത്തികളിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി.</u>

i)പ്ലാനിൽ ഏത് ഭാഗത്ത് നിന്നാണ് മണ്ണ് നീക്കം ചെയ്യുന്നതെന്ന് സംബന്ധിച്ചോ ആയതിന്റെ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

ii)നിലവിൽ ഉടമസ്ഥരുടെ കൈവശമുള്ള സ്ഥലത്തിൽ ഇതിനോടകം തന്നെ കുട്ടികളുടെ ഒരു പാർക്കിന് വേണ്ടി ഭൂമി വികസനം നടത്തി വിവിധ തരം റൈഡുകൾ സ്ഥാപിച്ചതായും ഏകദേശം ഒരു വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്നതായും കാണുന്നു.

iii)കുട്ടികളുടെ പാർക്ക് കഴിച്ചു ബാക്കി വരുന്ന സ്ഥലത്ത് ഇപ്പോൾ പൂർണ്ണമായും ഭൂവികസനം നടത്തി വരുന്നതായും കാണുന്നു. ഇതിന്റെ ഭാഗമായി അഞ്ചു മീറ്ററോളം ഉയരത്തിലുള്ള കോൺക്രീറ്റ് റീട്ടെയിനിംഗ് വാളുകൾ വിവിധ തട്ടുകളിലായി സ്ഥാപിച്ചതായി കാണുന്നു. എന്നാൽ ഇതിന്റെ ശാസ്ത്രീയമോ, സാങ്കേതികമോ ആയ സുരക്ഷിതത്വം ഏതെങ്കിലും ഔദ്യോഗിക ഏജൻസി ഉറപ്പുവരുത്തിയതായി കാണുന്നില്ല.

iv)കൂടാതെ പാർക്കിൽ 3 സ്ഥലങ്ങളിലായി അപകടകരമായ അളവിലും, ഉയരത്തിലും ഭൂവികസനത്തിന്റെ ഭാഗമായി നീക്കം ചെയ്ത മണ്ണ് കൂടിയിരിക്കുന്നതായി കാണപ്പെട്ടു. ജിയോളജി വകുപ്പ്, പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സംയുക്ത പരിശോധന നടത്തി ഇക്കാര്യം സ്ഥിരീകരിച്ചതായും തുടർന്ന് RDO യുടെ നേതൃത്വത്തിൽ ഇത് സംബന്ധിച്ചു ചേർന്ന യോഗം പ്രവൃത്തികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ സെക്രട്ടറി ഭൂവികസന പെർമിറ്റ് റദ്ദ് ചെയ്തതായും കാണുന്നു. (06/06/2024 തീയതിയിലെ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം മേൽ പരാമർശിച്ച മണ്ണ് നീക്കം ചെയ്ത് അപകടാവസ്ഥ ഒഴിവാക്കുന്നതിന് ഉത്തരവായിട്ടുണ്ട്)

v)ഇതിനോടകം നടത്തി കഴിഞ്ഞ ഭൂവികസനത്തിന്റെ ഫലമായി കുന്നിൻ മുകളിൽ നിന്നുമുള്ള മഴവെള്ളവും, ഉറവ ജലവും സുഗമമായി താഴ്‌വാരത്തിലേക്ക് പോകുന്നതിനായി ഒരുക്കിയിരിക്കുന്ന ഡ്രൈനേജ്

സൌകര്യം തീരെ അപര്യാപ്തവും, അശാസ്ത്രീയമാണെന്ന് കാണുന്നു. കനത്തമഴയിൽ മലമുകളിൽ നിന്നും വരുന്ന വെള്ളത്തെ ഉൾക്കൊള്ളുന്നതിന് ആവശ്യമായ ആഴമോ, വീതിയോ പാർക്കിന്റെ അതിര് കഴിഞ്ഞുള്ള റോഡിനോട് ചേർന്ന ഡ്രൈനേജ് സംവിധാനത്തിന് ഉള്ളതായി കാണുന്നില്ല. പ്ലോട്ടിൽ നിന്നുള്ള മൊത്തം മഴവെള്ളവും പുറത്തേക്ക് പോകുന്നതിനുള്ള ബഹിർഗമന ഡ്രെയിനേജ് പ്ലോട്ടിന്റെ സമീപത്തുകൂടി പോകുന്ന റോഡിന് കുറുകെയുള്ള ഡ്രെയിനേജിലൂടെ കടത്തിവിട്ട് പരാതിക്കാരന്റെ സ്ഥലത്തിന്റെ അതിരിനോട് ചേർന്ന് ഏതാണ്ട് അര മീറ്ററിൽ താഴെ മാത്രം വ്യാസമുള്ള കോൺക്രീറ്റ് പൈപ്പിലൂടെ കടത്തി വിടുന്നതായാണ് കാണാൻ കഴിഞ്ഞത്. മഴ പെയ്യാത ഇതുവഴി എത്തുന്ന വെള്ളത്തിന്റെ അളവ് നിലവിലുള്ള ഡ്രെയിനേജിനും, കോൺക്രീറ്റ് പൈപ്പിനും ഉൾക്കൊള്ളാൻ പറ്റുന്നതിന്റെ എത്രയോ ഇരട്ടിയാണ്. ആയതിനാൽ പരാതിക്കാരന്റെ ഉൾപ്പടെ വീട്ടിലും, പറമ്പിലും മഴവെള്ളം കുത്തിയൊലിച്ച് ഇറങ്ങുന്നതിനും അതുവഴി അപകട സാധ്യതയും നിലനിൽക്കുന്നു.

vi)ഒരു വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന മേൽ പാർക്കിന് ഇതുവരെ പഞ്ചായത്ത് ലൈസൻസ് ലഭിച്ചിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ **Kerala Micro Small Medium Enterprises Facilitation Rule 2020** അനുസരിച്ച് **05/09/2023** മുതൽ **04/09/2026** വരെ **Acknowledgment Certificate** ലഭിച്ചിട്ടുണ്ട്.

vii)പാർക്കിനുള്ളിൽ സ്ഥിരസ്വഭാവത്തോടുകൂടിയ നിരവധി സ്ട്രക്ചറുകൾ നിർമ്മിച്ച് ഉപയോഗിച്ച് വരുന്നതായി കാണുന്നു. ആയതിന് കെട്ടിടനിർമ്മാണ അനുമതി വാങ്ങുകയോ, വസ്തു നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതിൽ ചില കെട്ടിടങ്ങളിൽ വിവിധ ലഘു ഭക്ഷണ ശാലകൾ ഉൾപ്പെടെ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. എന്നാൽ **2023-24** രണ്ടാം അർദ്ധ വർഷം മുതൽ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

**2)** മേൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് ഉത്തരവാദിയായ വേളം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ഷാനവാസ് ഇ ക്കെതിരെ **1960**-ലെ കേരള സിവിൽ സർവ്വീസുകൾ(തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം **15** പ്രകാരം ശിക്ഷാനടപടി സ്വീകരക്കുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം **(3)** കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**3)** പ്രസ്തുത കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. ഷാനവാസ്.ഇ പരാമർശം **(4)** പ്രകാരം സമർപ്പിച്ച മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(5)** പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**1. State Environment Impact Assessment Authority** അനുമതി ലഭിച്ച ഭൂമിക്ക്

മാത്രമാണ് **development** പെർമിറ്റ് അനുവദിച്ചത്. ഭൂഉടമസ്ഥരുടെ കൈവശം പ്ലാനിലും രേഖകളിലും കാണിച്ച അളവിലുള്ള ഭൂമിയിൽ പ്ലാനിൽ കാണിച്ച പ്രകാരം മാത്രമേ ഭൂവികസനം നടത്താൻ കഴിയുകയുള്ളു എന്നതിനാൽ ഭൂമിയുടെ വിസ്തൃതി ചേർത്തതിൽ പിശക് സംഭവിച്ചത് പഞ്ചായത്തിനെ ദോഷകരമായി ബാധിക്കുകയില്ല.

<u>അഭിപ്രായ റിപ്പോർട്ട്</u>

മറ്റ് വകുപ്പുകളുടെ എൻ.ഒ.സി. പ്രകാരം അനുമതി നൽകുമ്പോൾ എൻ.ഒ.സി. യിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് അവസാനമായി പെർമിറ്റ് അനുവദിക്കുന്ന ഉദ്യോഗസ്ഥനാണ്. ആയത് ഉറപ്പാക്കുന്നതിനുള്ള യാതൊരു നടപടികളും സെക്രട്ടറി എന്ന നിലയിൽ സ്വീകരിക്കാത്തതിനാൽ മേൽ വാദഗതി അംഗീകരിക്കാവുന്നതല്ല.

**2.** അപേക്ഷകരുടെ കൈവശമുള്ള മുഴുവൻ ഭൂമിയിലും വികസന അനുമതി നൽകിയെങ്കിലും ജിയോളജി വകുപ്പ് അനുവദിച്ച ഭൂമിയിൽ, പ്ലാനിൽ കാണിച്ച പ്രകാരം മാത്രമേ ഭൂവികസനം നടത്താൻ കഴിയുകയുള്ളു. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിട നിർമ്മാണാനുമതിക്ക് മുൻപായി ഭൂവികസന പെർമിറ്റിന് അപേക്ഷിക്കണമെന്ന് റിപ്പോർട്ട് ചെയ്തതിനെ തടർന്നാണ് ഭൂവികസനത്തിനായി അപേക്ഷ സമർപ്പിക്കാൻ അപേക്ഷകരോട് നിർദ്ദേശിച്ചതെന്നും ഭൂവികസന പെർമിറ്റിനുള്ള അപേക്ഷ സ്ഥലപരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങൾ ചെറിയ നിർമ്മിതികളാണെന്നും അപേക്ഷകന്റെ ഭൂമിയിലെ ചില ഭാഗങ്ങളിൽ നിന്ന് മണ്ണ് കട്ട് ചെയ്ത് എടുത്ത് അതെ ഭൂമിയിൽ ഫില്ല് ചെയ്യുന്ന പ്രവർത്തി മാത്രമാണ് നടത്തുന്നതെന്നും ആവശ്യമായ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് മാത്രമാണ് ഭൂവികസന പെർമിറ്റ് അനുവദിച്ചതെന്നും കട്ട് ചെയ്യുന്ന മണ്ണ് പുറത്ത് കൊണ്ട് പോകുന്നതിന് അനുമതി നൽകിയിരുന്നില്ല എന്നും അറിയിക്കുന്നു.

<u>അഭിപ്രായ റിപ്പോർട്ട്</u>

മറ്റ് വകുപ്പുകളുടെ എൻ.ഒ.സി. പ്രകാരം അനുമതി നൽകുമ്പോൾ എൻ.ഒ.സി. യിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് പെർമിറ്റ് അനുവദിക്കുന്ന ഉദ്യോഗസ്ഥനാണ്. ഭൂവികസന പെർമിറ്റിന് കെ.പി.ബി.ആർ. ചട്ടം 10 (2), (3) എന്നിവ പ്രകാരം സമർപ്പിക്കേണ്ട സാക്ഷ്യപത്രം, പ്ലാൻ, ഡ്രോയിംഗുകൾ, വിവരങ്ങൾ, വിശദാംശങ്ങൾ എന്നിവ ഒന്നും തന്നെ അപേക്ഷയിൽ ഇല്ലാതെയാണ് സെക്രട്ടറി പെർമിറ്റ് നൽകിയത്. ആയതിനാൽ മേൽ വാദഗതി അംഗീകരിക്കാവുന്നതല്ല.

**3.State Environment impact Assessment Authority** ജിയോളജി വകുപ്പും അനുവദിച്ച

അനുമതി പത്രങ്ങളിൽ പരാമർശിച്ച നിബന്ധനകൾ സെക്രട്ടറി അനുവദിച്ച അനുമതി പത്രത്തിൽ രേഖപ്പെടുത്താതിരുന്നത് പ്രസ്തുത വകുപ്പുകൾ അക്കാര്യം രേഖപ്പെടുത്തിയ ഉത്തരവ് അപേക്ഷകർക്ക് നേരിട്ട് നല്ലിയതിനാലും പ്രസ്തുത നിബന്ധനകൾ പ്രകാരം ഭൂവികസനം നടത്താൻ നിയമപരമായി അവർ ബാധ്യസ്ഥരായതിനാലുമാണ്. **26-07-2024** തീയതിയിൽ ബഹു: തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ ഏതാനും പേർ കുട്ടികളുടെ പാർക്കിനെതിരെ നൽകിയ പരാതിയിൽ ഭൂവികസന പെർമിറ്റ് ആവശ്യമായ പ്ലോട്ട് പുനർ വിഭജനം നടക്കാത്തതിൽ **development** പെർമിറ്റ് ആവശ്യമായിട്ടുള്ളതല്ലെന്നും പരാതിയിൽ യാതൊരു തുടർ നടപടികളും എടുക്കാൻ കഴിയാത്തതാണെന്നും കാണിച്ച് പരാതി തീർപ്പാക്കുകയാണുണ്ടായത്.

<u>അഭിപ്രായ റിപ്പോർട്ട്</u>

**State Environment Impact Assessment Authority** യുടെയും ജിയോളജി വകുപ്പിന്റെയും അനുമതി ലഭിച്ച ഭൂമിയിൽ മാത്രമേ അനുമതി നൽകാൻ പാടുള്ളു എന്നതിനാൽ മേൽ വാദഗതി അംഗീകരിക്കാവുന്നതല്ല.

**4.** ജിയാളജി വകുപ്പ് സ്ഥല പരിശോധന നടത്തിയ അവസരത്തിൽ യാതൊരു തടസവാദവും ഉന്നയിക്കാതിരുന്നതിനാലും അപേക്ഷകനിൽ നിന്ന് ലഭിച്ച പെർമിറ്റിനുള്ള അപേക്ഷ ജിയോളജി വകുപ്പിന് നൽകി **30** ദിവസം കഴിഞ്ഞതിനാൽ ഡീംഡ് ലൈസൻസ് എന്ന നിലയിൽ അപേക്ഷകർ അവകാശവാദം ഉന്നയിക്കുന്നത് ഒഴിവാക്കാൻ കൂടി വേണ്ടിയാണ് ഇപ്രകാരം ഭൂവികസന പെർമിറ്റ് അനുവദിക്കേണ്ടി വന്നത്.

<u>അഭിപ്രായ റിപ്പോർട്ട്</u>

കെ.പി.ബി.ആർ. ചട്ടം **9 (1)** പ്രകാരം അപേക്ഷ സ്വീകരിച്ചാൽ അക്നോളഡ്ജ്മെന്റ് നൽകേണ്ടതും ഏതെങ്കിലും എൻ.ഒ.സി.കൾ അപേക്ഷയുടെ കൂടെ ഇല്ലെങ്കിൽ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും ചട്ടം **13** പ്രകാരം ഏതെങ്കിലും പ്രവൃത്തി നടത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ **30** ദിവസത്തിനകം അനുമതി നൽകുകയോ അല്ലങ്കിൽ കെ.പി.ബി.ആർ. ചട്ടം **11** പ്രകാരം നിരസിക്കുകയോ ചെയ്യേണ്ടതുമാണ്. അതുകൊണ്ട് തന്നെ ജിയോളജി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിന് മുമ്പേ പെർമിറ്റ് അനുവദിച്ചത് അപേക്ഷകൻ ഡീംഡ് ലൈസൻസിനുള്ള അവകാശവാദം ഉന്നയിക്കുന്നതിന് ഒഴിവാക്കാനാണെന്ന വാദഗതി അംഗീകരിക്കാവുന്നതല്ല.

**5.** സെക്രട്ടറി അനുവദിക്കുന്ന ഭൂവികസന പെർമിറ്റിലോ കെട്ടിട നിർമ്മാണ പെർമിറ്റിലോ അനുബന്ധ പ്ലാനുകളിലോ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വെക്കാറില്ല. മണ്ണ് നീക്കം ചെയ്യുന്നത് ജിയോളജി വകുപ്പിന്റെ നിർദ്ദേശ പ്രകാരമായതിനാൽ പ്ലാനിൽ ആയത് രേഖപ്പെടുത്തണമെന്നത് കർശനമായി പാലിച്ചിരുന്നില്ല.കുട്ടികളുടെ

പാർക്കിന് വേണ്ടി ഭൂവികസനം നടത്തി വിവിധ തരം റൈഡുകൾ സ്ഥാപിച്ച് ഒരു വർഷത്തിലധികമായി പ്രവർത്തിച്ച് വരുന്നു. ടിയാൻ സെക്രട്ടറിയായിരുന്ന അവസരത്തിലല്ല റൈഡുകൾ സ്ഥാപിച്ചത്. ഇപ്പോൾ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു നടപടികളും നിയമപരമായി സ്വീകരിക്കാൻ കഴിയുമായിരുന്നില്ല. ടിപഞ്ചായത്തിൽ നിന്ന് സ്ഥലം മാറി പോയ ശേഷം ഉണ്ടായ നടപടി ക്രമങ്ങളാണ് സെക്രട്ടറി ഭൂവികസന പെർമിറ്റ് റദ്ദ് ചെയ്തതും മണ്ണ് നിക്കം ചെയ്യാൻ ജില്ലാ കലക്ടർ ഉത്തരവിട്ടതും ആയതിനാൽ ഉന്നയിച്ച ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്.

<u>അഭിപ്രായ റിപ്പോർട്ട്</u>

കെ-സ്മാർട്ട് ആവിഷ്കരിക്കുന്നതിനു മുമ്പ് പെർമിറ്റ് അപേക്ഷകളിൽ പരിശോധന നടത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാർ പ്ലാൻ വെരിഫൈ ചെയ്തിട്ടാണ് സെക്രട്ടറിക്ക് നൽകേണ്ടത്. കെ.പി.ബി.ആർ. ചട്ടം 10(2), (3) എന്നിവ പ്രകാരമുള്ള രേഖകൾ അപേക്ഷയുടെ കൂടെ ഇല്ലാതെ പെർമിറ്റിൽ നിബന്ധനകൾ രേഖപ്പെടുത്താതെയും പെർമിറ്റ് അനുവദിച്ചതിനാൽ മേൽ വാദഗതി അംഗീകരിക്കാവുന്നതല്ല. ടിയാൾ സെക്രട്ടറിയായി ജോലി ചെയ്യുന്ന സമയത്തല്ല റൈഡുകൾ സ്ഥാപിച്ചതെന്ന വാദം അംഗീകാരിക്കാമെങ്കിലും തെറ്റായി ഭൂവികസന പെർമിറ്റ് അനുവദിച്ചത് ടിയാളാണ്. സ്ഥലമാറ്റം ലഭിച്ച ശേഷം മാത്രം നിർമ്മിച്ച പാർക്കിന് ലൈസൻസ് എടുക്കാത്തതിന് ടിയാൻ ഉത്തരവാദിയല്ല എന്ന വാദം അംഗീകരിക്കാവുന്നതാണ്. പാർക്കിനുള്ളിൽ സ്ഥിര സ്വഭാവത്തോടു കൂടി നിർമ്മിച്ച സ്ട്രക്ച്ചറുകൾക്ക് കെട്ടിട നിർമാണാനുമതി നൽകിയത് ടിയാനല്ല എന്ന വാദഗതിയും അംഗീകരിക്കാവുന്നതാണ്.

4) നടപടിക്രമങ്ങൾ പാലിക്കാതെ, ജിയോളജി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിന് മുന്നെ ഭൂവികസന പെർമിറ്റ് അനുവദിച്ച സെക്രട്ടറിക്കെതിരെ **KCS(CCA) Rule 15** പ്രകാരമുള്ള നടപടി ആയതിനാൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് ജോയിന്റ് ഡയറക്ടറെ പരാമർശം (6) പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി.

5) കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (7) പ്രകാരം സമർപ്പിച്ച ഔപചാരിക റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശ്രീ.ഷാനവാസ്. ഇ-യുടെ എതിർവാദ പത്രികയുടെയും നേർവിചാരണയുടെയും, ഗ്രാമപഞ്ചായത്ത് ഓഫീസിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ, ഡെവലപ് മെൻറ് പെർമിറ്റ് അനുവദിച്ചതിൽ നടപടിക്രമങ്ങളിൽ ചില ഭരണപരമായ വീഴ്ചകൾ വരുത്തിയിട്ടുണ്ട് . **SEIAA**, ജിയോളജി വകുപ്പുകളുടെ അനുമതി ഉപാധികൾ പെർമിറ്റിൽ കർശനമായി രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നിരുന്നാലും മൊത്തം ഭൂമിക്കും പെർമിറ്റ് അനുവദിച്ചതിലെ പിഴവ് ടിയാൻ തന്നെ സമ്മതിക്കുന്നുണ്ട്. എന്നാൽ, കെട്ടിട

നിർമ്മാണ ചട്ടങ്ങൾ പ്രകാരം അസി.എഞ്ചിനീയർ നൽകിയ സാങ്കേതിക റിപ്പോർട്ടിനെ അമിതമായി ആശ്രയിച്ചതാണ് ഈ പിഴവുകൾക്ക് പ്രധാന കാരണമെന്ന് വ്യക്തമാകുന്നു. അനധികൃതമായി മണ്ണ് പുറത്തേക്ക് കടത്തി എന്ന് പറയുന്നതും, അപകടകരമായ രീതിയിൽ റീട്ടെയിനിംഗ് വാളുകൾ നിർമ്മിച്ചതും, ജനങ്ങൾക്ക് പാരിസ്ഥിതിക ഭീഷണിയുണ്ടായതും ഉദ്യോഗസ്ഥൻ വേളം പഞ്ചായത്തിൽ നിന്ന് 11-10-2022-ൽ സ്ഥലം മാറിപ്പോയതിന് ശേഷം മുന്ന് വർഷം കഴിഞ്ഞ് 2024-ലാണ് നടന്നതെന്ന വാദം വസ്തുതാപരമാണ്. ശ്രീ. ഷാനവാസ്. ഇ എന്നവർ 12/02/2021 മുതൽ 11/10/2022 വരെയാണ് വേളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത് എന്ന് ഹാജർ പുസ്തകം പരിശോധിച്ചതിൽ ബോധ്യപ്പെട്ടതാണ്. മാത്രമല്ല, പ്ലോട്ട് തിരിക്കാത്ത ഭൂമിക്ക് ഡെവലപ് മെൻ്റ് പെർമിറ്റ് നിയമപ്രകാരം ആവശ്യമില്ലായിരുന്നു എന്ന സംസ്ഥാന തല അദാലത്തിൻറ്റെ കണ്ടെത്തൽ പ്രകാരം, നൽകിയ പെർമിറ്റ് തന്നെ നിയമപരമായി അപ്രസക്തമാകുന്നു. ഈ പ്രവൃത്തികൾ മൂലം ഗ്രാമപഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്ന് ഭരണസമിതി യോഗം വിലയിരുത്തിയിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അദാലത്തിലെ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് കെ.എം.എം.സി റൂൾ പാലിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതും പെർമിറ്റ് സംബന്ധിച്ച പരാതി തീർപ്പാക്കിയിട്ടുള്ളതുമാണ്.

ഭൂവികസന പെർമിറ്റ് അനുവദിക്കുന്നതിൽ വിസ്തൃതി രേഖപ്പെടുത്തിയതിലും മറ്റ് വകുപ്പുകളുടെ നിബന്ധനകൾ ഉൾക്കൊള്ളിക്കുന്നതിലും ടിയാന് സാങ്കേതികവും, ഭരണപരവുമായ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്നു. എന്നിരുന്നാലും ലഭ്യമായ രേഖകളുടെയും ഉദ്യോഗസ്ഥന്റെ മൊഴിയുടെയും അടിസ്ഥാനത്തിൽ, നടപടിക്രമങ്ങളിൽ വന്ന വീഴ്ചകൾക്ക് ശ്രീ. ഷാനവാസ് ഇ.-ക്ക് ഉത്തരവാദിത്തമുണ്ടെങ്കിലും അദ്ദേഹം ബോധപൂർവ്വം പഞ്ചായത്തിന് നഷ്ടം വരുത്തുകയോ നിയമവിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ടിയാൻ നിർവ്വഹിച്ച പ്രവർത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നതും, ഈ വിഷയത്തിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്ന ഭരണസമിതിയുടെ വിലയിരുത്തലും പരിഗണിക്കേണ്ടതുണ്ട്. കൂടാതെ, നിലവിലെ ഗുരുതരമായ നിയമ ലംഘനങ്ങളും പരാതികളും ഉയർന്നത് ശ്രീ. ഷാനവാസ്. ഇ സ്ഥലംമാറിപ്പോയതിന് ശേഷം ആക്ടിവ് പ്ലാനറ്റ് എന്ന സ്ഥാപനം നടത്തിയ അനധികൃത പ്രവർത്തനങ്ങൾ മൂലമാണെന്നതും, സംസ്ഥാന തല അദാലത്തിൽ ഈ വിഷയം തീർപ്പാക്കിയിട്ടുള്ളതാണെന്നതും ഇദ്ദേഹത്തിന് അനുകൂല ഘടകങ്ങളാണ്.

6) സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. ജിയോളജി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിനും ഏകദേശം ഒരു മാസത്തിന് മുമ്പ് ഭൂവികസന പെർമിറ്റ് അനുവദിച്ചതും, പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ സാങ്കേതിക വിഭാഗം ജീവനക്കാരോ പരിശോധിക്കാത്തതും ഒപ്പു വയ്ക്കാത്തതുമായത പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ ഭൂവികസന പെർമിറ്റ്

ലഭ്യമാക്കിയത് ശ്രീ ഷാജഹാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചയായി കാണാമെങ്കിലും ടി വീഴ്ചമൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ല എന്ന കാരണം പരിഗണിച്ച് വേളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഷാനവാസ് ഇ. ക്കെതിരെ **KCS(CCA) Rules, 1960** ലെ **Rule 15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ചട്ടം 11 (1) (iii) പ്രകാരം ടിയാന്റെ വാർഷിക ശമ്പളവർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAJUKUMAR N**

**ADDITIONAL SECRETARY**

ഉത്തരവിൻ പ്രകാരം

Digitally signed by
Sivaprasad V N
Date: 17-10-2026
12:09:27

സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.ഷാനവാസ് ഇ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
5. വിവര, പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം. ഇപിബി3/118/2024-തസ്വഭവ)